<u>കെ.എസ്</u>.ഐ.<u>ഡി.സി</u>

*പത്രക്കുറിപ്പ്*

**18-01-2023**
**ബുധൻ**

**കെഎസ്ഐഡിസിയുടെ നവീകരിച്ച വെബ്സൈറ്റ്**
**മന്ത്രി പി. രാജീവ് പ്രകാശനം ചെയ്തു**

തിരുവനന്തപുരം: – കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷന്റെ നവീകരിച്ച വെബ്സൈറ്റ് (www.ksidc.org) വ്യവസായ, നിയമം, കയർ വകുപ്പ് മന്ത്രി  പി. രാജീവ് പ്രകാശനം ചെയ്തു. വഴുതക്കാട് ഹോട്ടൽ ഹയാത്തിൽ നടന്ന ചടങ്ങിൽ കെഎസ്ഐഡിസിയുടെ ഇന്റേണൽ ട്രാക്കിങ് പോർട്ടൽ, കെഎസ്ഐഡിസിയുടെ കോർപ്പറേറ്റ് / പ്രൊജക്ട് ഫിനാൻസിങ് ബ്രോഷർ,  'ഇൻവെസ്റ്റ് കേരള'യുടെ പുതിയ ലോഗോ എന്നിവയുടെ പ്രകാശനവും മന്ത്രി നിർവഹിച്ചു. ചടങ്ങിൽ ഇൻഡസ്ട്രീസ് ആൻഡ് നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല ഐ.എ.എസ്, കെ എസ്.ഐ.ഡി.സി

എം.ഡി ആൻഡ് ഡയറക്ടർ (ഇൻഡസ്ട്രീസ് & കൊമേഴ്സ്) എസ്. ഹ രികിഷോർ ഐ.എ.എസ് എന്നിവർ സംസാരിച്ചു.